"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ഉണ്ടായിരുന്ന കരാർ / ദിവസവേതന ജീവനക്കാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത വിവിധ കേസുകളിലെ ഉത്തരവുകൾ നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1253/2026/H&FWD തീയതി,തിരുവനന്തപുരം, 27-03-2026

---

പരാമർശം:-

1. സ.ഉ (കൈ).നം.488/2013/ആ.കു.വ തീയതി 17/12/2013
2. സ.ഉ (കൈ).നം.71/2016/ആ.കു.വ തീയതി 04/03/2016
3. OA (EKM) 743/2020 & OA (EKM) 886/2019 എന്നിവയിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 31/01/2022-ൽ പുറപ്പെടുവിച്ച ഉത്തരവ്
4. OP(KAT) 143/2022 & OP(KAT) 186/2022 എന്നിവയിൽ ബഹു ഹൈക്കോടതി 24/08/2022- ൽ പുറപ്പെടുവിച്ച ഉത്തരവ്
5. SLP (C) 19167/2022 - ൽ ബഹു.സുപ്രീം കോടതി 18/12/2024-ൽ പുറപ്പെടുവിച്ച ഉത്തരവ്
6. സ.ഉ (കൈ).നം.120/2025/ആ.കു.വ തീയതി 21/04/2025
7. സ.ഉ (കൈ).നം.360/2025/ആ.കു.വ തീയതി 23/10/2025
8. O.A.(EKM) 722/2025 -ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 29.05.2025- ൽ പുറപ്പെടുവിച്ച ഉത്തരവ്.
9. O.A. (EKM) 751/2025 -ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 30.05.2025- ൽ പുറപ്പെടുവിച്ച ഉത്തരവ്.
10. O.A.(EKM) 753/2025 -ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 30.05.2025-ൽ പുറപ്പെടുവിച്ച ഉത്തരവ്.
11. O.A.(EKM) 776/2025 -ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 03.06.2025-ൽ പുറപ്പെടുവിച്ച ഉത്തരവ്.
12. O.A.(EKM) 801/2025 - ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 05.06.2025- ൽ പുറപ്പെടുവിച്ച ഉത്തരവ്.
13. O.A.(EKM) 804/2025 -ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 06.06.2025 - ൽ പുറപ്പെടുവിച്ച ഉത്തരവ്
14. O.A.(EKM) 836/2025 - ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

16.06.2025- ൽ പുറപ്പെടുവിച്ച ഉത്തരവ്

15. O.A.(EKM) 839/2025 - ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 16.06.2025 - ൽ പുറപ്പെടുവിച്ച ഉത്തരവ്
16. O.A.(EKM) 848/2025 - ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 16.06.2025- ൽ പുറപ്പെടുവിച്ച ഉത്തരവ്.
17. O.A.(EKM) 865/2025 - ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 17.06.2025- ൽ പുറപ്പെടുവിച്ച ഉത്തരവ്.
18. O.A.(EKM) 907/2025 - ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 24.06.2025- ൽ പുറപ്പെടുവിച്ച ഉത്തരവ്.
19. O.A. (EKM) 935/2025 - ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 27.06.2025- ൽ പുറപ്പെടുവിച്ച ഉത്തരവ്.
20. O.A. (EKM) 1026/2025-ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 10.07.2025- ൽ പുറപ്പെടുവിച്ച ഉത്തരവ്.
21. O.A. (EKM) 1212/2025 ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 05.08.2025- ൽ പുറപ്പെടുവിച്ച ഉത്തരവ്.
22. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 04/08/2025-ലെ എൻ സി 1/3362/2025/ഡി.എം.ഇ നം കത്ത്
23. സ.ഉ (കൈ).നം.90/2026/ആ.കു.വ തീയതി 13/03/2026.

**ഉത്തരവ്**

കൊച്ചിൻ കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് (നിലവിലെ എറണാകുളം സർക്കാർ മെഡിക്കൽ കോളേജ്) ഏറ്റെടുത്തതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം ടി കോളേജിന്റെ സുഗമമായ പ്രവർത്തനത്തിനായി കരാർ / ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവർക്കുവേണ്ടി 315 തസ്തികകൾ വിവിധ ഇനങ്ങളിലായി സൃഷ്ടിച്ചിരുന്നു. എന്നാൽ കരാർ / ദിവസവേതന തസ്തികയിൽ നിയമിക്കപ്പെട്ടിരുന്ന ഡോ.ഫിറോസ് അഹമ്മദ് ടി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിനെത്തുടർന്ന് സ്ഥിരപ്പെടുത്തൽ ആവശ്യപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) 743/2020 നം. കേസിലും, സമാന ആവശ്യമുന്നയിച്ച് ശ്രീ.ലൈജു പോൾ അടക്കമുള്ള ടി കോളേജിലെ സ്റ്റാഫ് നേഴ്സ് ജീവനക്കാർ ഫയൽ ചെയ്തിരുന്ന OA (EKM) 886/2019 നം കേസിലുമായി പുറപ്പെടുവിച്ച പരാമർശം (3) ഉത്തരവിൽ, ബഹു. ട്രൈബ്യൂണൽ അപേക്ഷകരുടെ സ്ഥിരപ്പെടുത്തൽ അംഗീകരിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവ് സർക്കാർ ഇക്കാര്യത്തിൽ ഇതിനകം കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾക്ക് എതിരായതിനാൽ ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവിനും തുടർന്നുള്ള ബഹു. ഹൈക്കോടതിയുടെ പരാമർശം (4) ഉത്തരവിനുമെതിരായി ബഹു. സുപ്രീം കോടതി മുമ്പാകെ SLP(C) 19167/2022 ഫയൽ ചെയ്തിരുന്നു. തുടർന്ന് പ്രസ്തുത കേസ് തീർപ്പാക്കി ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച പരാമർശം (5) വിധിന്യായത്തിൽ, ഹർജ്ജിക്കാരുടെ സീനിയോരിറ്റി 15.12.2024 അടിസ്ഥാനമാക്കിയും, പെൻഷൻ ആനുകൂല്യങ്ങൾക്കും മറ്റും 04.03.2016 തീയതി കണക്കാക്കിയും നിയമനം ക്രമീകരിക്കേണ്ടതാണെന്ന് ബഹു. സുപ്രീം കോടതി ഉത്തരവാകുകയുണ്ടായി.

2)തുടർന്ന് എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ കരാർ ജീവനക്കാർക്കായി സൃഷ്ടിച്ച തസ്തികകളിൽ ജോലി ചെയ്യുന്നതും 18/12/2024 ലെ വിധിന്യായത്തിൽ പരാമർശിച്ചിട്ടുള്ളതുമായ ലക്ചററായ ഡോ.ഫിറോസ് അഹമ്മദിനെയും, ശ്രീ ലൈജു പോൾ അടക്കമുള്ള 38 സ്റ്റാഫ് നേഴ്സ് ജീവനക്കാരെയും ഇതൊരു കീഴ്‌വഴക്കമാകാൻ പാടുള്ളതല്ലെന്ന വ്യവസ്ഥയിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് സൂപ്പർ ന്യൂമററിയായി നിയമനം ക്രമീകരിക്കുന്നതിന് തീരുമാനിക്കുകയും, അപ്രകാരം ബഹു.സുപ്രീം കോടതിയുടെ 18/12/2024 ലെ വിധിന്യായം നടപ്പാക്കി പരാമർശം (6) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പിന്നീട് പ്രസ്തുത ഉത്തരവിലെ 'സൂപ്പർന്യൂമററി' എന്ന പദം ഒഴിവാക്കി ടി ഉത്തരവ് ഭേദഗതി ചെയ്ത് പരാമർശം (7) - ലെ ഉത്തരവും പുറപ്പെടുവിക്കുകയുണ്ടായി.

3).ബഹു.സുപ്രീം കോടതിയുടെ 18/12/2024-ലെ വിധിന്യായം നടപ്പാക്കി പരാമർശം (6) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച പശ്ചാത്തലത്തിൽ, സമാന നിയമനക്രമീകരണം ആവശ്യപ്പെട്ടുകൊണ്ട് ടി കോളേജിലെ മറ്റ് ദിവസവേതന / കരാർ ജീവനക്കാർ വിവിധ കേസുകൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസുകളിൽ വിവിധ തീയതികളിൽ പുറപ്പെടുവിച്ച പരാമർശം (8) മുതൽ (21) വരെയുള്ള ഉത്തരവുകളിൽ ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി നിശ്ചിത സമയത്തിനകം ഹർജിക്കാരുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഹർജ്ജിക്കാരെ / ഹർജ്ജിക്കാരുടെ പ്രതിനിധിയെ നേരിൽകേട്ട് ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് ബഹു.ട്രൈബ്യൂണൽ നിർദ്ദേശിച്ചിട്ടുമുണ്ടായിരുന്നു. ബഹു ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ OA(EKM) No.722/2025 , OA(EKM) No.751/2025, OA(EKM) No.753/2025, OA(EKM) No.776/2025, OA(EKM) No.801/2025, OA(EKM) No.804/2025, OA(EKM) No.839/2025, OA(EKM) No.848/2025, OA(EKM) No.865/2025, OA(EKM) No.907/2025 കേസുകളിലെ ഹർജ്ജിക്കാരുടെ പ്രതിനിധികളെ 05.08.2025- ന് ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിലെ അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി കൂടാതെ OA(EKM) No.836/2025, OA(EKM) No.935/2025, OA(EKM) No.1026/2025, OA(EKM) No.1212/2025 കേസുകളിലെ ഹർജ്ജിക്കാരുടെ പ്രതിനിധികളെ 16.10.2025-നും നേരിൽ കേൾക്കുകയുണ്ടായി .

4) എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ സർക്കാർ ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ കരാർ /ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ 17.12.2013 മുതൽ സർവീസ് ബ്രേക്ക് ഇല്ലാതെയാണ് തുടർന്ന് വരുന്നതെന്നും കരാർ / ദിവസ വേതന അടിസ്ഥാനത്തിൽ നിലവിൽ 214 ജീവനക്കാർ (ബഹു.സുപ്രീം കോടതിയുടെ വിധിന്യായ പ്രകാരം ക്രമപ്പെടുത്തിയ 39 പേർ ഒഴികെ), ആണ് ജോലി ചെയ്തു വരുന്നതെന്നും, പ്രസ്തുത ജീവനക്കാരിൽ 56 വയസ്സിനും 60 വയസ്സിനും ഇടയിൽ 24 പേരും അറുപതു വയസ്സു കഴിഞ്ഞ 26 പേരും നിലവിലുള്ളതായും എറണാകുളം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി . കൂടാതെ സ്ഥിരപ്പെടുത്തൽ ആവശ്യപ്പെട്ട് കേസ് ഫയൽ ചെയ്ത ചില ജീവനക്കാർക്ക് പ്രസ്തുത തസ്തികകളിൽ നിയമനം ലഭിക്കുന്നതിനായി പി എസ് സി നിഷ്കർഷിക്കുന്ന യോഗ്യത നിലവിലില്ലെന്നും, ചിലർക്ക് നിയമന ഉത്തരവ് നല്കിയിരിക്കുന്നത് ഏറ്റെടുക്കൽ തീയതിക്ക് ശേഷമാണെന്നും പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി .

5)തുടർന്ന് സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് സഹകരണ മേഖലയിലുണ്ടായിരുന്ന പരിയാരം മെഡിക്കൽ കോളേജിനെപ്പോലെ സർക്കാർ ഏറ്റെടുത്തതാണെന്നത് പരിഗണിച്ച് ഇതൊരു കീഴ്‌വഴക്കമാകാൻ

പാട്ടുള്ളതല്ല എന്ന വ്യവസ്ഥയിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച്, പരാമർശം (2) ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ നിലവിൽ ജോലിചെയ്തുവരുന്ന മേൽ കേസുകളിലെ ഹർജ്ജിക്കാർ ഉൾപ്പടെ 214 ജീവനക്കാരെ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്ഥിരപ്പെടുത്തി പരാമർശം (23) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി .

(i).പെൻഷനറി ആനുകൂല്യങ്ങൾക്ക് 04/03/2016 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ii).സർവീസ് സീനിയോറിറ്റിക്ക് 15/12/2024 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(iii).മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ അധ്യാപകരുടെ വിരമിക്കൽ പ്രായം 62 വയസ്സും, പാർട്ട് ടൈം ജീവനക്കാരുടെ വിരമിക്കൽ പ്രായം 70-ഉം, 01/04/2013 മുതൽ പങ്കാളിത്ത പെൻഷൻ നിലവിൽ വന്നിട്ടുള്ളതിനാൽ മറ്റ് ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സുമാണെന്ന നിലക്ക് ഇവരുടെ സർവീസ് ദൈർഘ്യം ക്രമപ്പെടുത്തുന്നതാണ്.

(iv). മേൽ പറഞ്ഞപ്രകാരം സ്ഥിരപ്പെടുത്തുന്ന ജീവനക്കാരുടെ യോഗ്യതയും, സർവീസ് രേഖകളും പരിശോധിച്ച് ക്രമപ്പെടുത്തുന്നതിനുമുള്ള വ്യക്തമായ പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

6) എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ പരാമർശം (2) ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ നിലവിൽ ജോലിചെയ്തുവരുന്ന വിവിധ കേസുകളിലെ ഹർജ്ജിക്കാർ ഉൾപ്പടെയുള്ള 214 ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്ഥിരപ്പെടുത്തി പരാമർശം (23) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (8) മുതൽ (21) വരെയുള്ള ഉത്തരവുകൾ അപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുരളീധരൻ ചെട്ടിയാർ
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം
ബന്ധപ്പെട്ട ഹർജ്ജിക്കാർക്ക് ( പ്രിൻസിപ്പാൾ മുഖേന)
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (എസ് 1/125/2025/ആ.ക.വ)

ഉത്തരവിൻ പ്രകാരം

Signed by
Ragasmitha V M സെക്ഷൻ ഓഫീസർ
Date: 27-03-2026 14:09:32